Draft #3 of File 39706/AD A3/4/2019/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 10-Jun-2020 10:44 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ജീവനക്കാര്യം - ദിവസവേതന വ്യവസ്ഥയിൽ സർവ്വകലാശാലയിൽ ജോലി ചെയ്യുന്നവരുടെ പ്രായപരിധി നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 3 സെക്ഷൻ**

നമ്പർ. 2491/AD A 3/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 11.06.2020

---

*പരാമർശം:*-1) 05.10.2019 തീയതിയിലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം. ഒ.എ. 32/19.08

2) 10.10.2019 തീയതിയിലെ സർവ്വകലാശാലാ ഉത്തരവ് നം.4768/AD A4/2019/എം.ജി.യു.

3) 26.05.2020 തീയതിയിലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം.183/20.02/DDFS-39706/2019

**<u>ഉത്തരവ്</u>**

സർവ്വകലാശാലയിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 56 വയസ്സ് ആണെന്ന വസ്തുത കണക്കിലെടുത്തും ദിവസവേതന വ്യവസ്ഥയിൽ 56 വയസ്സ് പൂർത്തിയായതിനു ശേഷവും നിരവധി പേർ സർവ്വകലാശാലയിൽ ജോലി ചെയ്തു വരുന്നു എന്ന വസ്തുത കണക്കിലെടുത്തും ഇത് നിലവിലെ ചട്ടങ്ങൾക്ക് വിരുദ്ധമായതിനാലും , 56 വയസ്സ് പൂർത്തിയാക്കിയ, കൈപ്പറ്റ് രസീത് അടിസ്ഥാനത്തിൽ, ദിവസവേതന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരെ തുടർന്ന് ജോലിയ്ക്ക് നിയോഗിക്കേണ്ടതില്ലെന്ന് പരാമർശം (1) പ്രകാരം തീരുമാനിച്ചിരുന്നു.

സുരക്ഷാ ഭടന്മാരെ നിയമിക്കുമ്പോൾ ഉയർന്ന പ്രായപരിധി നിശ്ചയിക്കേണ്ടതില്ലായെന്ന് തീരുമാനിച്ച് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നതിനാൽ, ഇക്കാര്യം സിൻഡിക്കേറ്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി 22.04.2020 തീയതിയിൽ സിൻഡിക്കേറ്റിലേക്കുള്ള കുറിപ്പ് നൽകിയിരുന്നു.

പരാമർശം (3) പ്രകാരം, 26.05.2020 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് മേൽ വസ്തുത പരിഗണിച്ച് താഴെപ്പറയുന്ന തീരുമാനം കൈക്കൊണ്ടിരിക്കുന്നു.

"സർവ്വകലാശാലയിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ, ജോലി ചെയ്യുവാനുള്ള പ്രായം 56 ആയി നിജപ്പെടുത്തുവാനും സുരക്ഷാഭടന്മാരുടെ പ്രായപരിധി നിശ്ചയിക്കേണ്ടതില്ലായെന്നും തീരുമാനിച്ചു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

എ എസ് ചാവറ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ വിഭാഗങ്ങളും ഡിപ്പാർട്ടുമെന്റുകളും സെന്ററുകളും
2. വി.സി./പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/എഫ്.ഒ./സി.ഇ. എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

4. ജോയിന്റ് ഡയറക്ടർ, കെ.എസ്.എ.ഡി., മഹാത്മാഗാന്ധി സർവകലാശാല
5. പി.ആർ.ഒ /സിറ്റാഡ്/സി.എം.എസ് ( വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനായി)
6. എഫ്.സി.സി./എ.സി.സി./ഫിനാൻസ് 1/ഓഡിറ്റ്1/5/ഐ.ക്യു.എ.സി./എഡിഡി
7. എഡി എ 1/എഡി എ 2/എഡി എ 4/എഡി എ 5/എഡി എ 8/എഡി എ 10/എഡി സി.1/2/3.
8. സ്റ്റോക്ക് ഫയൽ / റെക്കോർഡ്സ് സെക്ഷൻ/ ഫയൽ കോപ്പി

Draft #3 of File 39706/AD A3/4/2019/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 10-Jun-2020 10:44 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം